LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മോയിൻ കുട്ടി: സർ, മലയോര കുടിയേറ്റ മേഖലയിൽ യാത്രാദുരിതത്തിന് അല്പമെങ്കിലും ആശ്വാസം നൽകുന്നത് പാരലൽ ബസ് സർവ്വീസാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ, ഇഷ്ടംപോലെ ബസുണ്ട്, ജീവനക്കാരുണ്ട് എന്നു പറഞ്ഞു, പക്ഷേ ഞങ്ങളുടെയൊന്നും മേഖലയിൽ ബസ് വേണ്ടത്രയില്ല. അതുകൊണ്ട് അല്പം ആശ്വാസം നൽകുന്ന പാരലൽ സംവിധാനത്തെ, അത് അനധികൃതമാണെങ്കിൽത്തന്നെയും നിയന്ത്രിക്കുന്നത് പകരം സംവിധാനം ഒരുക്കിയിട്ടുവേണം. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളത് മിനി ബസുകൾ പരമാവധി മലയോര മേഖലയിലേയ്ക്ക് അനുവദിക്കുകയാണെങ്കിൽ അത് തീർച്ചയായും യാത്രാ ദുരിതത്തിന് വളരെയേറെ ആശ്വാസമുണ്ടാക്കും. അത് നൽകാതെ പാരലൽ സംവിധാനം കൂടി നിർത്തിയാൽ തീർച്ചയായും ജനരോഷം ഉയരും. അതുകൊണ്ട് ജനങ്ങളുടെ താല്പര്യം മാനിച്ചുകൊണ്ട് പകരം സംവിധാനം, ഇഷ്ടംപോലെ ബസ്സുള്ളതുകൊണ്ട് മലയോര മേഖലയിലേയ്ക്ക് ഓടാൻ സൗകര്യമുള്ള മിനി ബസ്സുകൾ നൽകി, അവിടത്തെ യാത്രാ ദുരിതം പരിഹരിക്കുന്നതിന് അടിയന്തിരമായി ശ്രദ്ധിക്കണമെന്നാണ് എനിക്ക് ഈ കാര്യത്തിൽ പറയാനുള്ളത്. അത് ഫലപ്രദമായി പരിഹരിച്ചതിനുശേഷം മാത്രം പാരലൽ സംവിധാനത്തെ നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ മതിയെന്നാണ് മന്ത്രിയോട് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, അതിനിപ്പോൾ കോടതികളുടെ വിധിയൊക്കെയുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ കഴിയുന്നിടത്തോളം മറ്റു സംവിധാനമുണ്ടാക്കാതെ പാരലൽ സർവ്വീസുകൾ നിർത്തുന്നത് ശരിയല്ലെന്നുള്ള വാദം അംഗീകരിക്കുന്നു. തീർച്ചയായും അങ്ങനെ നിർത്തേണ്ടി വരുമ്പോൾ പകരം സംവിധാനമുണ്ടാക്കിയതിനുശേഷം മാത്രമേ നിർത്തലാക്കുകയുള്ളു.

കേന്ദ്ര സർക്കാരിന്റെ പൊതുമിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പിന്തുടരുന്ന വ്യവസായ നയം

*2 [92] ശ്രീ. പി. സി. ജോർജ്:

,, കോടിയേരി ബാലകൃഷ്ണൻ:

ഡോ. തോമസ് ഐസക്:

ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽ പുതുതായി അധികാരത്തിൽ വന്ന സർക്കാർ അംഗീകരിച്ചിട്ടുള്ള പൊതുമിനിമം പരിപാടിയുടെ (സി. എം. പി.) അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പിന്തുടരുന്ന വ്യവസായ നയത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കില്ലെന്ന കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം സംസ്ഥാന സർക്കാർ അംഗീകരിക്കുന്നുണ്ടോ;

(സി) എങ്കിൽ പൊതുമേഖലാസ്ഥാപനങ്ങൾ വില്പന നടത്തുന്നതിനായി നിയോഗിച്ചിട്ടുള്ള ആർ. സി. ചൗധരി കമ്മിറ്റി പിരിച്ചുവിടുന്നതിനും കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കാതിരിക്കുന്നതിനും സർക്കാർ തയ്യാറാകുമോ;

(ഡി) ലാഭത്തിൽ പ്രവർത്തിക്കുന്നതടക്കം സംസ്ഥാനത്തെ എത്ര പൊതു മേഖലാസ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കാനാണ് ആർ. സി. ചൗധരി കമ്മിറ്റി ശുപാർശചെയ്തിട്ടുള്ളത്;

(ഇ) ഈ ശുപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾ പൊതുമേഖലയിൽതന്നെ നിലനിർത്തുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരു മായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടു ത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,

(എ) കേന്ദ്രസർക്കാരിന്റെ പൊതു മിനിമം പരിപാടിയിൽ പൊതുമേഖലയെ സംബന്ധിച്ചുള്ള നയവും സംസ്ഥാന സർക്കാരിന്റെ വ്യവസായനയവും തമ്മിൽ കാതലായ വ്യത്യാസമൊന്നുമില്ല.

(ബി) പൊതു മിനിമം പരിപാടിയനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി കാര്യക്ഷമമാക്കാനും ലാഭകരമായ പൊതു മേഖലാസ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാതെ പൊതുമേഖലയിൽ നിലനിർത്താനും രോഗാതുര വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാനും സ്വകാര്യ പങ്കാളിത്തത്തോടുകൂടി പുനരുദ്ധാരണ സാദ്ധ്യതയുള്ള വ്യവസായങ്ങളെ കാര്യക്ഷമമാക്കാനും നടപടിയെടുക്കണമെന്നും തുടർച്ചയായി നഷ്ടമുണ്ടാകുന്ന കമ്പനികൾ തൊഴിലാളികൾക്ക് നിയമപരമായി നൽകേണ്ട എല്ലാ ബാധ്യതകളും കൊടുത്തതിനുശേഷം വിൽക്കുകയോ പൂട്ടുകയോ ചെയ്യണമെന്നുമാണ് സി.എം.പി.-യിലുള്ളത്. ഈ നയം സർക്കാർ അംഗീകരിക്കുന്നു.

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിൽപനയ്ക്കുവേണ്ടി നിയോഗിച്ചതല്ല, മറിച്ച് പുനരുദ്ധാരണത്തിനുവേണ്ടി ആവശ്യമായ പഠനം നടത്തി ശുപാർശകൾ സർക്കാരിന് സമർപ്പിക്കുവാൻ വേണ്ടി രൂപീകരിച്ച സാങ്കേതിക സ്വഭാവമുള്ള ഒരു കമ്മിറ്റിയാണ് Enterprises Reforms Committee. കമ്മിറ്റി ശുപാർശകളെന്തായാലും അന്തിമ തീരുമാനമെടുക്കുന്നത് സർക്കാരാണ്.

(ഡി ആന്റ് ഇ) ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു പൊതു മേഖലാസ്ഥാപനവും സ്വകാര്യവൽക്കരിക്കുവാൻ ഇ.ആർ.സി. ശുപാർശ ചെയ്തിട്ടില്ല. എന്നാൽ നിരന്തരമായി നഷ്ടത്തിൽ പ്രവർത്തിച്ചുവന്ന 10 കമ്പനികൾ സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

മൂലധനത്തോടുകൂടിയോ അല്ലെങ്കിൽ ജീവനക്കാരുടെ സഹകരണസംഘം രൂപീകരിച്ചോ പുനരുദ്ധരിക്കാനുള്ള ഇ.ആർ.സി.-യുടെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതിൽ പ്രവർത്തനം നിലച്ച 5 കമ്പനികൾക്കുവേണ്ടി expression of interest ക്ഷണിച്ചിട്ടുണ്ട്. കിട്ടിയ ഓഫറുകൾ സർക്കാരിന്റെ പരിഗണനയിലാണ്. മറ്റ് 5 കമ്പനികളുടെ കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(എഫ്) എഫ്.എ.സി.ടി.-യുടെ പുനരുദ്ധാരണം സംബന്ധിച്ച് മുഖ്യമന്ത്രിയും വ്യവസായ-ധനകാര്യ വകുപ്പുമന്ത്രിമാരും കേന്ദ്ര രാസവള വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ തീരുമാനം പ്രതീക്ഷിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്ജ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി നമ്മുടെ ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ വിശദമായി മറുപടി പറഞ്ഞതാണ്. ആ മറുപടിയിലും ഇപ്പോൾ ചോദ്യത്തിനു തന്ന മറുപടിയിലും പൊതു മിനിമം പരിപാടിയിൽ സർക്കാരിന്റെ നയവും വ്യവസായനയവും തമ്മിൽ കാതലായ വ്യത്യാസമൊന്നുമില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ ഒരു ചെറിയ വ്യത്യാസമുണ്ടോ എന്നൊരു സംശയമുണ്ടാവുകയാണ്. ആ സംശയം നിലനിൽക്കാനുണ്ടായ പ്രധാനപ്പെട്ട കാര്യം ചൗധരി കമ്മിറ്റി കൊടുത്ത റിപ്പോർട്ടിൽ—അവർ വളരെ സ്പീഡിലാണ് റിപ്പോർട്ട് കൊടുത്തത്—ആദ്യം 28 വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടണമെന്നും രണ്ടാമത് കൊടുത്ത റിപ്പോർട്ടിൽ 44 വ്യവസായ സ്ഥാപനങ്ങൾ വിൽക്കണമെന്നുള്ളതുമാണ് പറഞ്ഞിട്ടുള്ളത്. ലാഭകരമല്ലാത്തതു വിൽക്കാനല്ല, ലാഭമുള്ളത് വിൽക്കാനും ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട് എന്നുള്ളതാണ് ഏറ്റവും ദു:ഖകരമായ കാര്യം. കോട്ടയം പ്രഭുറാം മിൽസ് കേരള സർക്കാരിന് വളരെച്ചെറിയ മുതൽമുടക്കുള്ള, ലാഭകരമായി നടക്കുന്ന ഒരു സ്ഥാപനമാണ്. കോടിക്കണക്കിന് രൂപയുടെ സ്വത്താണ് അവർക്കുള്ളത്. അതുപോലും വിൽക്കണമെന്നാണ് ചൗധരി കമ്മിറ്റിയുടെ റിപ്പോർട്ടിലുള്ളത്. അതുകൊണ്ടാണ് ഞാൻ വിനയത്തോടുകൂടി അങ്ങയോട് ചോദിക്കുന്നത്, ഇപ്പോൾ ചോദ്യത്തിനു പറഞ്ഞ മറുപടിയിലും ഡിമാൻഡ് ഡിസ്ക്കഷനിൽ പറഞ്ഞ മറുപടിയിലും കാതലായ വ്യത്യാസമില്ലെന്നു പറഞ്ഞു, അപ്പോൾ ചെറിയൊരു വ്യത്യാസമുണ്ട് എന്ന്, ലാഭകരമായ സ്ഥാപനം ഇവിടെ വിൽക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി, ജനം സംശയിക്കുന്ന സാഹചര്യത്തിൽ 100 ശതമാനവും സി.എം.പി. അംഗീകരിക്കുന്നുവെന്ന് പറയാൻ തയ്യാറാകുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, നൂറു ശതമാനവും അംഗീകരിക്കുന്നു. യാതൊരു സംശയവുമില്ല. ഒരു കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണ്. ചൗധരി കമ്മിറ്റി എന്നു പറയുന്നത് ഒരു ടെക്നിക്കൽ കമ്മിറ്റിയാണ്. അവർ ആദ്യം തന്ന അപ്രോച്ച് പേപ്പറിൽ, ഓരോ വ്യവസായത്തിന്റെയും സാങ്കേതിക സ്വഭാവം പരിശോധിച്ചതിനുശേഷം അപ്രോച്ച് പേപ്പർ പ്രസിദ്ധീകരിച്ചു. അതു ട്രാൻസ്പാരന്റായതുകൊണ്ട് നമ്മൾ അതു പബ്ളിഷ് ചെയ്തു. പബ്ളിഷ് ചെയ്തപ്പോൾ പല വ്യവസായങ്ങളേയും

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചുള്ള അവസാന പൊസിഷൻ ആദ്യമേ വന്നു. അതു പലതും നമുക്കു ഡൈജസ്റ്റു ചെയ്യുന്നതല്ല. ഇപ്പോഴും പൊളിറ്റിക്കൽ ഒബ്ജക്ഷൻ നിലനിൽക്കുന്നുണ്ട്. ഓരോ യൂണിയനുമായും ചർച്ച ചെയ്തതിനുശേഷം മാത്രമേ അന്തിമ തീരുമാനമെടുക്കുകയുള്ളൂ. എല്ലാവരോടും ആലോചിക്കും. പൊളിറ്റിക്കൽ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ അതു ചെയ്യാൻ പറ്റുകയുള്ളൂ. അതാണ് രണ്ടു മൂന്നു നിയമസഭാ സമ്മേളനങ്ങളിൽ ഞാൻ പറഞ്ഞുകൊണ്ടിരുന്നത്. പക്ഷേ സത്യത്തിൽ കോമൺ മിനിമം പ്രോഗ്രാമിൽ പറഞ്ഞ അത്ര കടുത്ത വാക്കുകൾ നമ്മൾ ഉപയോഗിച്ചിട്ടില്ല. Sold off എന്നുള്ള വാക്ക് കോമൺ മിനിമം പ്രോഗ്രാമിൽ ഉണ്ട്. എന്നു വച്ചാൽ ഒന്നിനും കൊള്ളാത്ത വ്യവസായങ്ങൾ വിറ്റുകളയും എന്നാണ് പറഞ്ഞിരിക്കുന്നത്. Sold off, വില്പന എന്നുള്ള വാക്ക് നമ്മൾ ഇതിൽ ഉപയോഗിച്ചിട്ടില്ല. ഗവൺമെന്റ് ആക്ചലായി വിൽക്കാൻ തീരുമാനിച്ച വ്യവസായങ്ങൾ എടുത്തു നോക്കിയാൽ അതു മനസ്സിലാകും. അഞ്ചു വ്യവസായങ്ങൾ എന്നു പറയുന്നത്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്; ആസ്ട്രാൾ വാച്ചസ് ലിമിറ്റഡ്, കാസർകോട്; തുടങ്ങിയവയിലുള്ള തൊഴിലാളികൾ വി.ആർ.എസ്. കിട്ടിയാൽ മതി എന്നുള്ള നിലയിലാണ് ഇപ്പോൾ കഴിയുന്നത്. അവർക്കറിയാം യാതൊരു ഭാവിയും ഇല്ലെന്ന്. അതുപോലെ കെൽട്രോണിന്റെ ഒരു യൂണിറ്റ്, എന്റെ നിയോജക മണ്ഡലത്തിൽ കുറ്റിപ്പുറത്തുള്ള കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ് ഇതൊക്കെ യാതൊരു പ്രതീക്ഷയുമില്ലാത്ത കമ്പനികളാണ്. അതിനുപോലും വച്ചിരിക്കുന്ന കണ്ടീഷൻ നിങ്ങൾ ശ്രദ്ധിക്കണം. ഒന്നാമത്തെ കണ്ടീഷൻ എന്നു പറയുന്നത്, വ്യവസായമായിട്ടു നടത്തും എന്നാണ്. വ്യവസായമായിട്ടു നടത്താൻ ആരും വരുന്നില്ല എന്നുണ്ടെങ്കിൽ അതു അവിടെ കിടക്കും; അല്ലാതെ അതു വേറെ പർപ്പസിനു നമ്മൾ കൊടുക്കില്ല. എല്ലാ യൂണിയനുകളും എഗ്രി ചെയ്തിട്ടുള്ളത് അഞ്ചെണ്ണത്തിന്റെ കാര്യം മാത്രമാണ്. ആറാമതായി ഒന്നു വന്നിട്ടുള്ളത് 'ടെൽക്ക്' ആണ്. 'ടെൽക്കി'-ൽ പൂർണ്ണമായും പ്രൈവറ്റൈസേഷൻ ഇല്ല. അവിടുത്തെ ട്രേഡ് യൂണിയനുകൾക്കും അതറിയാം. അവിടെയൊരു സാങ്കേതിക പ്രോബ്ളമുണ്ട്, ഒരു കൊളാബറേഷൻ ലിങ്ക്. ഈ ടെൽക്ക്-ന് ഫ്യൂച്ചറില്ല എന്നറിയാം. അതുകൊണ്ട് ഒരു ടെക്നിക്കൽ പർപ്പസിനുവേണ്ടി, ടെക്നോളജി കിട്ടാൻ വേണ്ടി, ഒരു പാർട്ടിസിപ്പേഷൻ അവിടെ ആവശ്യമുണ്ട്. അതു യൂണിയനുകൾക്കുമറിയാം. അതു പൊതുമേഖലയിൽതന്നെ നിലനിർത്തിക്കൊണ്ട് ആ ടെക്നോളജി കിട്ടണം എന്നാണ് പറഞ്ഞിരിക്കുന്നത്. നമ്മുടെ പ്രോഗ്രാമാണ് വാസ്തവത്തിൽ ഒന്നുകൂടി പ്രോഗ്രസ്സീവും നല്ലതും. Enterprises Reforms Committee റിപ്പോർട്ടും അതും കൂടി വായിച്ചു നോക്കിയാൽ രണ്ടും ഒന്നാണെന്നു തോന്നും; കാതലായ വ്യത്യാസമില്ല. ഇനി എന്തെങ്കിലും അമെന്റുമെന്റ് വേണമെങ്കിൽ ചർച്ച ചെയ്തു തീരുമാനിക്കാം. കംപ്ളീറ്റ് കോമൺ മിനിമം പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ PSUs-ന്റെ കാര്യം എടുക്കുന്നതിൽ ഗവൺമെന്റിനു വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്ജ്: സർ, നമ്മുടെ സംസ്ഥാനത്തെ പൊതുപ്രവർത്തകനായ പ്രൊഫ. എ. വി. താമരാക്ഷന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി വിശദമായ പഠനം നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദും ആ കമ്മിറ്റിയിൽ ഉണ്ട്. അവരൊക്കെ വളരെ പാരമ്പര്യമുള്ള പൊതുപ്രവർത്തകരാണ്. അവരൊക്കെ വളരെ വ്യക്തമായി തന്നിരിക്കുന്ന റിപ്പോർട്ടും ചൗധരി കമ്മിറ്റി റിപ്പോർട്ടും പരിശോധിക്കുമ്പോൾ കാതലായ വ്യത്യാസങ്ങൾ കാണാൻ കഴിയുന്നുണ്ട്. സി.എം.പി. അംഗീകരിച്ചു കഴിഞ്ഞു. അതുപോലെ തന്നെ നമ്മുടെ സബ് കമ്മിറ്റി റിപ്പോർട്ടും അംഗീകരിച്ചു കഴിഞ്ഞു. ഇത് അംഗീകരിക്കാൻ ഗവൺമെന്റിനു ബുദ്ധിമുട്ടില്ല. ആ നിലയ്ക്കു വെറുതെ പണം കളയണമോ; ഈ ചൗധരി കമ്മിറ്റിയുടെ ആവശ്യമുണ്ടോ; ആ കമ്മിറ്റി പിരിച്ചു വിട്ട് അവർക്ക് മാന്യമായി ജീവിക്കാനുള്ള അവസരം കൊടുക്കുന്നതല്ലേ നല്ലത്; ആ കമ്മിറ്റി പിരിച്ചു വിടുന്നതിൽ എന്താണ് കുഴപ്പം?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇതൊക്കെ പൊളിറ്റിക്കലായിട്ടുള്ള അപ്രോച്ചാണ്. ഞാൻ പൊളിറ്റിക്കലായിട്ടല്ല മറുപടി പറയുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെന്നു പറയുന്നത് സ്റ്റേറ്റിന്റെ ഏറ്റവും വലിയ പ്രോബ്ളമാണ്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഉള്ളത് കേരളത്തിലാണ്. അതു ഫീസിബിളായി നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത സ്ഥിതിയാണ് ഇന്നുള്ളത്. ചില വ്യവസായങ്ങൾ മുന്നോട്ടു കൊണ്ടു പോകണമെന്നുണ്ടെങ്കിൽ കോടിക്കണക്കിനു രൂപ ചെലവഴിക്കണം.. അതിന് അതിന്റേതായ പരിഹാര മാർഗ്ഗങ്ങളും വേണം. എന്നെയും ശ്രീ. പി. സി. ജോർജ്ജിനേയും ഒരു കമ്മിറ്റിയുണ്ടാക്കാൻ നിയമിച്ചാൽ, നമ്മൾ കൊടുക്കുന്ന റിപ്പോർട്ട്, പൊളിറ്റിക്കൽ ഫാക്ടും ബാക്കിയുള്ളതും വലിയ കുഴപ്പമില്ലാത്ത രീതിയിലാണെങ്കിൽ, അതിനെത്ര കാശു വേണം ആ കാശ് അങ്ങോട്ടു കൊടുക്കണമെന്നു പറയും. മറ്റേ കമ്മിറ്റി എന്നു പറയുന്നത് ആറേഴ് ആളുകൾ ഉള്ള ടെക്നിക്കൽ കമ്മിറ്റിയാണ്. വളരെ സമയമെടുത്ത്, ടെക്നോളജി നോക്കി, ഇതിന്റെ ഭാവി നോക്കി, എല്ലാ സാങ്കേതിക പഠനങ്ങളും നടത്തി തന്ന റിപ്പോർട്ടാണ്. ഇൻഡ്യയിലെ അറിയപ്പെടുന്ന ടെക്നീഷ്യൻസ് അടങ്ങുന്ന കമ്മിറ്റിയാണിത്. അവർ റിപ്പോർട്ടു തരട്ടെ. പൊളിറ്റിക്കൽ ഡിസിഷൻ അപ്പോൾ നമുക്ക് എടുക്കാമല്ലോ. അതാണ് അതു തമ്മിലുള്ള വ്യത്യാസം. പിന്നെ ഇതിന്റെ സോഷ്യൽ ആസ്പക്ട് നോക്കിയിട്ടില്ലെന്ന് ആരും പറയരുത്. വാസ്തവം പറഞ്ഞാൽ കോമൺ മിനിമം പ്രോഗ്രാമിൽപ്പോലും ഇല്ലാത്തത്ര പ്രോഗ്രസ്സീവായിട്ടുള്ള ഒരു നിലപാടാണ് State Level Public Enterprises Social Safety Net Programme എന്നു പറയുന്നത്. ഇതു തൊഴിലാളികൾക്കു വളരെ പ്രയോജനം ചെയ്യും. പൊളിറ്റിക്കൽ ഒബ്ജക്ഷനും പ്രചരണവും നമ്മുടെ സ്റ്റേറ്റിന്റെ ഒരു പ്രത്യേകത കൊണ്ടു വന്നതാണ്. തൊഴിലാളികൾക്ക് ഏറ്റവുമധികം സോഷ്യൽ സേഫ്റ്റി കൊടുക്കുന്ന, സോഷ്യൽ സേഫ്റ്റി നെറ്റ് പ്രോഗ്രാമാണ് നമ്മൾ അതിനോടനുബന്ധിച്ചു കൊണ്ടു വന്നത്. അതിൽ പറഞ്ഞിരിക്കുന്നതു തന്നെ റീ സ്ട്രക്ചറിംഗ് വരുമ്പോൾ തൊഴിലാളിക്ക് യാതൊരു ബുദ്ധിമുട്ടും വരരുത് എന്നാണ്. അവർക്ക് ആനുകൂല്യങ്ങൾ

കൊടുക്കണമെന്നുണ്ട്. പ്രോവിഡന്റ് ഫണ്ട് ഉൾപ്പെടെ പല ആനുകൂല്യങ്ങളും കാശില്ലാത്തതുകൊണ്ട് പല സ്ഥലങ്ങളിലും ഇന്നു കൊടുക്കുന്നില്ല. അതിനൊക്കെ ഈ സോഷ്യൽ സേഫ്റ്റി നെറ്റ് പ്രോഗ്രാമിൽ പ്രൊവിഷനുണ്ട്. വാസ്തവത്തിൽ ഏറ്റവും നല്ല ഒരു പ്രോഗ്രാമാണിത്. പബ്ലിക് സെക്ടർ എന്നു പറയുമ്പോൾ അവിടെ ഇത്തരത്തിൽ ഒരു പ്രചരണം വരുന്നത് സ്വാഭാവികമാണ്. കോമൺ മിനിമം പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ ഇതൊക്കെ നമുക്കു പരിശോധിക്കാം; ചർച്ച ചെയ്യാം; സംശയങ്ങൾ മാറ്റാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് കോമൺ മിനിമം പ്രോഗ്രാമിൽ ഉള്ളതിനേക്കാൾ പുരോഗമനപരമായ കാര്യമാണ് യു. പി. എ.-യിൽ ഉള്ളത് എന്നാണ്. യു.പി.എ. എന്നു പറയുന്നത് ഇടതുപക്ഷത്തിന്റേതുകൂടിയാണ് എന്നു വ്യാഖ്യാനിക്കാനുള്ള ഒരു ശ്രമമാണ് ഇവിടെ നടത്തുന്നത്. യുണൈറ്റഡ് പ്രോഗ്രസ്സീവ് അലയൻസിന്റേതാണ് ഈ കോമൺ മിനിമം പ്രോഗ്രാം. ആ പ്രോഗ്രസ്സീവ് അലയൻസിനകത്ത് ഞങ്ങളില്ല. ഇടതുപക്ഷ പ്രസ്ഥാനം യു.പി.എ.-യിൽ ഇല്ല. യു.പി.എ. പ്രഖ്യാപിച്ചിരിക്കുന്ന കോമൺ മിനിമം പ്രോഗ്രാമിൽ, ഇതു സംബന്ധിച്ചു പറഞ്ഞിരിക്കുന്നതിൽ ഞങ്ങൾ ഒരു ഭേദഗതി കൊടുത്തിട്ടുണ്ട്. ഞങ്ങൾ പറഞ്ഞത് 'നവരത്ന' സ്ഥാപനങ്ങൾക്കു പുറമെ ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളും അടിസ്ഥാന മേഖലയിൽ ഉള്ളവയും സ്വകാര്യവൽക്കരിക്കുകയില്ല എന്ന ഉറപ്പു വേണമെന്നാണ്. അതുകൊണ്ട് ഈ പറയുന്നതിനോടു ഞങ്ങൾക്കു യോജിപ്പില്ല. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുള്ള നിലപാട് അതിന്റെ ഭാഗമായി എടുത്തിട്ടുണ്ട്. കൊച്ചിയിലെ എഫ്.എ.സി.ടി., പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്നുള്ള ഒരു സമീപനം മുൻ ഗവൺമെന്റിൽ നിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റ് കൈക്കൊള്ളുന്നുണ്ട്. ഇതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ചില കാര്യങ്ങൾ ചെയ്യണമെന്ന് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കൊച്ചിയിലെ എഫ്.എ.സി.ടി. കേന്ദ്ര പൊതുമേഖലയിൽ നിലനിർത്തുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടത്; അതിനു എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: എല്ലാവരും കൂടി അംഗീകരിച്ച കോമൺ മിനിമം പ്രോഗ്രാമിൽ 'നവരത്ന' എന്ന കമ്പനിയെക്കുറിച്ച് വേറെ പറഞ്ഞിട്ടുണ്ടെന്നുള്ളതു കറക്ടാണ്. ബി.ജെ.പി. ഗവൺമെന്റ് വളരെ സ്പീഡിൽ മുന്നോട്ടു കൊണ്ടുപോയ പോളിസിയാണ്, വലിയ കമ്പനികളെ പ്രൈവറ്റൈസ് ചെയ്യണ്ട എന്നുള്ള തീരുമാനം. ശരിയാണ്. അതു ഫസ്റ്റ് പാരഗ്രാഫ്. രണ്ടു വരിയുള്ളത്. അടുത്ത പാരഗ്രാഫാണ് ഞാൻ വായിച്ചത്. ആ പാരഗ്രാഫിലുള്ളത് വളരെ മോശമായ കമ്പനികൾ പ്രൈവറ്റൈസ് ചെയ്യുന്നതിൽ വിരോധമില്ല. അത് കോമ്പറ്റീഷൻ വർദ്ധിപ്പിക്കുന്നതിനും രാജ്യത്തിന്റെ നന്മയ്ക്കുമാണെങ്കിൽ വിരോധമില്ല എന്നുള്ള കണ്ടീഷനുമുണ്ട്. അതുകൊണ്ടാണ് കേരളത്തിലും ഈ പ്രോജക്ട് ആലോചിക്കണമെന്നു പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ തൊഴിലാളികളും നിങ്ങളും അംഗീകരിക്കുന്നുണ്ട്. സി.ഐ.ടി.യു.-വിന്റെ ചില യൂണിയനുകളുപോലും ആ യാഥാർത്ഥ്യം മനസ്സിലാക്കുകയും പോസിറ്റീവായിട്ടുള്ള ഒരു ആറ്റിറ്റ്യൂഡ് എടുക്കുകയും ചെയ്തിട്ടുണ്ട്. ഇന്നലെ ഡോ. തോമസ് ഐസക്കിനോട് പേഴ്സണലായിട്ട് ചർച്ച ചെയ്തപ്പോൾ, നിങ്ങൾ ഓരോ യൂണിറ്റു ബെയ്സിസിൽ എടുക്കൂ, എന്നു പറഞ്ഞു. നല്ല നിർദ്ദേശമാണ്. ഞാൻ കൺസ്ട്രക്ടീവായിട്ടു പറഞ്ഞതാണ്. ഓരോ യൂണിറ്റു ബെയ്സിസിൽ നമുക്ക് എടുക്കാം. പക്ഷേ എഫ്.എ.സി.ടി.-യുടെ കാര്യം കേരള ഗവൺമെന്റ് ഈ സഭയിൽത്തന്നെ എത്രയോ പ്രാവശ്യം പറഞ്ഞു, അത് പബ്ലിക് സെക്ടറിൽ നിലനിർത്തണമെന്നുള്ള നിലപാട് എടുത്തിട്ടുണ്ട്. ഒരു ഘട്ടത്തിലും എഫ്.എ.സി.ടി. പ്രൈവറ്റൈസ് ചെയ്യണമെന്നുള്ള നിലപാട് ഇലക്ഷനു മുമ്പും പിമ്പും ഒരു ഗവൺമെന്റും സ്വീകരിച്ചിട്ടില്ല. ഇപ്പോൾ അതു സംബന്ധിച്ച് എം.പി.-മാർ മുൻകൈ എടുത്തു, മന്ത്രി ഇവിടെ വന്നു. മന്ത്രി വന്നതിനുശേഷം ഞങ്ങൾ ഇവിടെ ചർച്ച ചെയ്തു. അതിനുശേഷം അവർ എഫ്.എ.സി.ടി.-യിൽ പോയി. എഫ്.എ.സി.ടി. പബ്ലിക് സെക്ടറിൽ നിലനിർത്തുകയാണെങ്കിൽ ഗവൺമെന്റിനെക്കൊണ്ട് കഴിയുന്ന ആനുകൂല്യങ്ങളൊക്കെ കൊടുക്കാമെന്നുള്ള ഒരു നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ലാഭമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുകയില്ലെന്നുള്ള നയം ഗവൺമെന്റ് അംഗീകരിച്ചതായി പറഞ്ഞു. ചൗധരി കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിനകത്തുള്ള അടിസ്ഥാനപരമായ കാര്യം, അദ്ദേഹം പറയുന്ന എല്ലാ റിപ്പോർട്ടുകളിലുമുള്ള ഒരൊറ്റമൂലി, തൊഴിലാളികളുടെ കൂലി മരവിപ്പിക്കുക എന്നുള്ളതാണ്. കൂലി വെട്ടിക്കുറയ്ക്കുക, തൊഴിൽ ശക്തി കുറയ്ക്കുക. കൊല്ലത്തുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനം 16 വർഷമായി ഗവൺമെന്റിൽ നിന്നും ഒരു നയാപൈസപോലും വാങ്ങിക്കാതെ നടത്തിക്കൊണ്ടു പോകുകയാണ്. അവിടുത്തെ തൊഴിൽ ശക്തി വെട്ടിക്കുറയ്ക്കാൻ പാടില്ലെന്നു ശ്രീ. ബാബു ദിവാകരൻ ചെയർമാനായിട്ടുള്ള യൂണിയനും ശ്രീ. കടവൂർ ശിവദാസൻ ചെയർമാനായിട്ടുള്ള യൂണിയനും പറഞ്ഞിട്ടും അവിടുത്തെ തൊഴിലാളികളുടെ എണ്ണം പകുതിയായി വെട്ടിക്കുറച്ചു. ഇതിന്റെ ഫലമായി കെ.എസ്.ഇ.ബി. കൊടുക്കുന്ന ഓർഡർ, ആ മീറ്റർ കമ്പനിക്ക് കൊടുക്കാൻ സാധിക്കാതെ വന്നപ്പോൾ, കെ.എസ്.ഇ.ബി. ഒരു ഓർഡറും ആ കമ്പനിക്ക് കൊടുക്കാത്ത സ്ഥിതി വന്നിരിക്കുകയാണ്. ഇപ്പോൾ ആ സ്ഥാപനം തകർച്ചയുടെ വക്കിലേയ്ക്കു എത്തി നിൽക്കുന്ന സ്ഥിതിയിലാണ്. അത്തരത്തിലുള്ള ഒരു സ്ഥാപനം തകർക്കുന്ന വിധത്തിലുള്ള ഒരു സമീപനം ഗവൺമെന്റ് സ്വീകരിച്ചാൽ ഇതു നാളെ നഷ്ടത്തിൽ പോകില്ലേ; അതു നാളെ സ്വകാര്യ വൽക്കരണത്തിലേയ്ക്കു എത്തിച്ചേരില്ലേ; ഈ സമീപനം ഗവൺമെന്റ് മാറ്റുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ശ്രീ. കടവൂർ ശിവദാസനും ശ്രീ. ബാബു ദിവാകരനും പറഞ്ഞതാണ്. പക്ഷെ പിൽക്കാലത്ത് ശ്രീ. കടവൂർ ശിവദാസൻ ഇലക്ട്രിസിറ്റി മന്ത്രിയായിട്ട് വന്നു. അപ്പോൾ യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും മീറ്റർ വാങ്ങാനുള്ള ഓർഡർ കൊടുക്കാൻ ബുദ്ധിമുട്ടുണ്ടായി. കാരണം ഇലക്ട്രിസിറ്റി ബോർഡും ഒരു പബ്ളിക് സെക്ടർ കമ്പനിയാണ്. അവർക്ക് യുണൈറ്റഡ് ഇലക്ട്രിക്കൽസ് കൊടുക്കുന്നതിലും വില കുറച്ചും അതിലും നല്ല മീറ്ററുകളും കിട്ടുന്ന സ്ഥിതി വന്നപ്പോൾ competitive purchase-ൽ ഇലക്ട്രിസിറ്റി ബോർഡെന്ന വലിയൊരു പബ്ളിക് സെക്ടർ സ്ഥാപനത്തിന്റെ കാര്യം നോക്കണ്ടേ? പക്ഷെ വ്യവസായ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാൻ വളരെ സ്ട്രോങ്ങായിട്ട് അത് ഇൻസിസ്റ്റ് ചെയ്തു. ഇപ്പോൾ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കുറച്ച് മെച്ചപ്പെട്ട സ്ഥിതിയിലായിട്ടുണ്ട്. പിന്നീട് ഇലക്ട്രിസിറ്റി ബോർഡ് കുറെയൊക്കെ സഹായിക്കുകയും ചെയ്തു.

ഡോ. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രതികരണങ്ങളിലും പ്രഖ്യാപനങ്ങളിലുമൊക്കെ പൊതു മിനിമം പരിപാടിയുടെ സ്വാധീനം കാണുന്നതിൽ സന്തോഷമുണ്ട്. പക്ഷെ അങ്ങോ, ചൗധരി കമ്മിറ്റിയോ പറഞ്ഞതുപോലെയല്ല കോമൺ മിനിമം പ്രോഗ്രാം. ലാഭത്തിലോടുന്ന പൊതു മേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കില്ല. നിശ്ചയമായും തുടർച്ചയായി നഷ്ടമുണ്ടാക്കുന്നവ സ്വകാര്യവൽക്കരിക്കും. പക്ഷെ ഇടയ്ക്കൊരു പരാമർശമുണ്ട്. അത് അങ്ങ് പറയുന്നില്ല. രോഗബാധിതമായ പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനീകരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമുള്ള എല്ലാ ശ്രമങ്ങളും നടത്തവേ, past tense അല്ല, present tense ആണ്. ചൗധരി കമ്മിറ്റിയുടെ, എന്താണെന്നു വച്ചാൽ ഇതുവരെയുള്ള സഞ്ചിത നഷ്ടത്തിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ നാലായി തിരിച്ച് അതിന്റെ അടിസ്ഥാന സൗകര്യങ്ങളും മറ്റ് നടപടികളും പ്രഖ്യാപിക്കുന്നുവെന്നുള്ളതാണ്. അതുകൊണ്ട് എനിക്ക് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് അങ്ങ് എപ്പോഴും പറയുന്നതുപോലെ സഞ്ചിത നഷ്ടത്തിന്റെ കണക്കു പറച്ചിൽ നിർത്തിയിട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്നലെ നടന്നതുപോലെ നാളെയും നടത്താമെന്ന നിലപാട് ഞങ്ങൾക്കില്ല, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഭാവിയിൽ തുടർച്ചയായി ബഡ്ജറ്ററി സപ്പോർട്ട് നിലനിർത്തണമെന്ന ആവശ്യവും ഞങ്ങൾക്കില്ല. പക്ഷെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നടത്തിപ്പിലുണ്ടായിട്ടുള്ള ക്രമക്കേടുകൾ പരിശോധിക്കുകയും ഇതിലുണ്ടായിട്ടുള്ള സഞ്ചിത നഷ്ടം കേസ് ബൈ കേസായി പരിശോധിച്ച് നടപടിയെടുക്കുകയും ചെയ്യണം. ചൗധരി കമ്മിറ്റി പറയുന്നതു പോലെ സഞ്ചിത നഷ്ടത്തിന്റെ അടിസ്ഥാനത്തിൽ, ഭൂതകാലത്ത് നടന്നതിന്റെ അടിസ്ഥാനത്തിൽ എന്തെന്നല്ല തീരുമാനിക്കേണ്ടത്; അത്തരത്തിലുള്ള ഒരു നയമാറ്റത്തിന് അങ്ങ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഗവൺമെന്റ് മുന്നുകൊല്ലമെടുത്ത നടപടിയിൽ ഇത് വ്യക്തമല്ലേ! കേരളത്തിൽ ഇത്രയും PSUs ഉണ്ടായിട്ട് ഞങ്ങൾ തീരുമാനിച്ച അഞ്ച് കമ്പനികളെന്നു പറയുന്നത് ഏതാണെന്ന്

ഡോ. തോമസ് ഐസക് പരിശോധിക്കണം. തിരുവനന്തപുരം സ്പിന്നിംഗ് മിൽ, ഇപ്പോൾ ആ സ്ഥാപനമുണ്ടോ; അവിടത്തെ വർക്കേഴ്സ് എവിടെ പോയി; യൂണിയൻകാർ എവിടെ പോയി? ഒന്നും അറിയില്ല. അവർക്ക് ഒരു ആനുകൂല്യവും കിട്ടുകയില്ല. അതിനേക്കാൾ നല്ലത് സേഫ്റ്റി നെറ്റ് കൊണ്ടുവരുന്നതല്ലേ? താനെ നിന്നുപോയ കമ്പനികളാണ് അഞ്ചെണ്ണം. അതേ ഞങ്ങൾ എടുത്തിട്ടുള്ളൂ. ഈ മൂന്നു കൊല്ലവും എല്ലാപേരുടേയും എഗ്രിമെന്റിനുവേണ്ടി കാത്തിരിക്കുകയല്ലേ ചെയ്തത്?

ഡോ. തോമസ് ഐസക് : സർ, ഇപ്പോൾ അഞ്ചു സ്ഥാപനങ്ങളേ വിൽക്കാൻ വച്ചിട്ടുള്ളൂ എന്നുള്ളത് ശരി. പക്ഷെ ബാക്കിയുള്ളവയുടെ കാര്യത്തിൽ ചെയ്യാൻ പറ്റുന്ന ചെറിയ കാര്യങ്ങൾ പോലും ചെയ്യാതെ കഴിഞ്ഞ മൂന്നു വർഷം കൊണ്ട് ഇവയുടെ സഞ്ചിത നഷ്ടം നിങ്ങൾ എത്ര കൂട്ടി? ചൗധരി കമ്മിറ്റി ഒരു ടെക്നിക്കൽ കമ്മിറ്റി എന്നത് അംഗീകരിക്കാനാവില്ല. He is not a technical person, he is a not a professional person. ആ റിപ്പോർട്ട് മുഴുവൻ പരിശോധിച്ചാൽ എവിടെയാണ് ഒരു ടെക്നിക്കൽ അനാലിസിസ്സ് ഉള്ളത്. പോക്കറ്റ് കാൽക്കുലേറ്റർ വച്ച് ചെയ്യാൻ പറ്റുന്ന കണക്കുകൂട്ടലിനപ്പുറം എന്ത് അനാലിസിസ്സാണുള്ളത്? ഫിനാൻഷ്യലായിട്ട് പണം നൽകുന്ന കാര്യത്തെപ്പോലെതന്നെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് മാനേജുമെന്റിന്റെ പ്രശ്നം. ഇപ്പോൾ പുനഃരുദ്ധാരണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഗവൺമെന്റിന് ഒരു കാര്യം ഉറപ്പു നൽകാൻ പറ്റുമോ? ഇന്ന് ഇപ്പോൾ ചെയ്യുന്നതുപോലെ, ഇന്നലേയും ചെയ്തിട്ടുണ്ട്. വ്യവസായവുമായി യാതൊരു വൈദഗ്ദ്ധ്യമോ സാങ്കേതിക വൈദഗ്ദ്ധ്യമോയില്ലാത്ത ആളുകളെക്കൊണ്ട് ഡയറക്ടർ ബോർഡ് നിറയ്ക്കില്ലെന്നും മാനേജുമെന്റ് നടത്താൻ തീരുമാനിക്കില്ലെന്നും ഉറപ്പു തരാൻ പറ്റുമോ; ഈ കാര്യങ്ങൾക്കു വേണ്ടി ഒരു കമ്മിറ്റിയെ നിയമിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഇതിലെ ആദ്യത്തെ ഭാഗമെന്നു പറയുന്നത് ചൗധരി റിട്ടയേർഡ് ചീഫ് സെക്രട്ടറിയെന്നുള്ളത് ശരിയാണ്. അതിനകത്തെ മെമ്പർമാരെല്ലാം ഇൻഡ്യയിൽ ഇന്ന് ലഭ്യമായ സാങ്കേതിക വിദഗ്ദ്ധൻമാരാണ്. രണ്ടാമത്തെ കാര്യമെന്നു പറയുന്നത് ആ പഠന റിപ്പോർട്ട് വളരെ deep ആയിട്ടുള്ള പഠന റിപ്പോർട്ടാണ്. ഇവിടെ ഒന്നും ചെയ്തില്ലെന്നാണ് പറയുന്നത്. ഇവിടെ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? കാശുകൊടുത്തു കൊണ്ടിരിക്കുന്നു. പല കമ്പനികളും പൂട്ടാതെ കിടക്കുന്നതുതന്നെ അതുകൊണ്ടാണ്. സ്പിന്നിംഗ് മില്ലുകളുടെ നിലനിൽപ്പിന് ഇപ്പോൾ 20 കോടി രൂപ കൊടുത്തു. അല്ലാതെ എന്താണ് ചെയ്യാനുള്ളത്? ഇല്ലെങ്കിൽ സ്ഥായിയായ ഒരു തീരുമാനമെടുക്കണം. സ്ഥായിയായ തീരുമാനമെടുക്കുന്നതിന് നമ്മൾ കൂട്ടായി ആലോചിച്ചാലല്ലേ പറ്റുകയുള്ളൂ.

ശ്രീ. സാജു പോൾ : സർ, ഇടതുപക്ഷ പാർട്ടികളുടെ പിൻതുണയോടുകൂടിയുള്ള ഒരു ഗവൺമെന്റാണ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒരു ഉണർവ്വും തൊഴിലാളികളുടെ ഇടയിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രതീക്ഷയുമുണ്ടായിട്ടുണ്ട്. ക്രിക്കറ്റിന്റെ സ്കോർ പറയാൻ ഇരിക്കുന്നതുപോലെ ഓരോ ദിവസവും വിറ്റ ഓഹരികളുടെ എണ്ണം പറയാൻ കേന്ദ്രത്തിൽ ഒരു മന്ത്രിയുണ്ടായിരുന്നു ആ ഒരു സാഹചര്യം ഒഴിവായിയെന്നുള്ളതാണ്. നമുക്ക് ഐ.ടി.-യും ബി.ടി.-യും വേണം. പക്ഷെ അതോടൊപ്പം ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്താനും വിപുലീകരിക്കാനുമുള്ള നടപടിയുമുണ്ടാകണം. എറണാകുളത്ത് ടി.സി.സി.-യുടെ കാര്യത്തിൽ വൈദ്യുതി ഇളവ് ഒരു വർഷംകൂടി തുടരാത്ത സാഹചര്യത്തിൽ അത് മുന്നോട്ടു കൊണ്ടുപോകാൻ ബുദ്ധിമുട്ടായിരിക്കും. അതുകൊണ്ട് ടി.സി.സി.-യുടെ രക്ഷയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ടി.സി.സി. പ്രതിസന്ധിയിലായിരുന്നു. ഞങ്ങൾ സെറ്റിൽമെന്റ് നടത്തി ആനുകൂല്യങ്ങൾ കൊടുത്ത് ടി.സി.സി.-യെ ലാഭത്തിലേയ്ക്ക് കൊണ്ടുവന്നു. ഇപ്പോൾ ടി.സി.സി.-യുടെ പെർഫോർമൻസ് നന്നായിരിക്കുകയാണ്. ഇനിയും ചില ആനുകൂല്യങ്ങൾ കൊടുത്തില്ലെങ്കിൽ ഇനിയും പ്രശ്നം വരും. അത് ഗവൺമെന്റിന്റെ ആലോചനയിലുണ്ട്.

ശ്രീ. സാജു പോൾ : സർ, എറണാകുളത്തെ എഫ്.എ.സി.റ്റി.-യുടെ പ്രശ്നത്തിൽ സംസ്ഥാന സർക്കാരും, എം.പി.-മാരും ട്രേഡ് യൂണിയനുകളുമെല്ലാം ഒരുമിച്ച് നടത്തിയ പ്രവർത്തനങ്ങൾ ഒരു പൊതു പ്രശ്നമായി ഉയർത്തിക്കൊണ്ടു വന്നതിനെത്തുടർന്ന് ഒരു പാക്കേജുണ്ടായി. ഇപ്പോൾ ആ നിലയ്ക്ക് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ എച്ച്.എം.റ്റി. സംസ്ഥാന സർക്കാർ നൽകിയ 100 ഏക്കർ സ്ഥലം വിറ്റ് അതിന്റെ ഹെഡ് ഓഫീസായ ബാംഗ്ളൂരിൽ അതിന്റെ സാമ്പത്തിക ലാഭമെടുക്കാൻ ശ്രമിക്കുന്നു. അതുപോലെ തന്നെ സംസ്ഥാന സർക്കാർ, കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള പ്രതിരോധ വകുപ്പ്, റെയിൽവേ ഇവിടെ നിന്നൊക്കെ കൂടുതൽ ഓർഡർ കിട്ടിയാൽ മാത്രമേ എച്ച്.എം.ടി. രക്ഷപ്പെടുകയുള്ളു. ആയിരക്കണക്കിന് തൊഴിലാളികൾക്ക് ഇനിയും തൊഴിൽ ലഭിക്കാനുള്ള ഒരുപാട് സൗകര്യങ്ങളുള്ള കേരളത്തിലെ ഒരു വലിയ സ്ഥാപനമായ എച്ച്.എം.ടി.-ക്ക് അത്തരത്തിലുള്ള ഒരു ശ്രദ്ധ ലഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ കൊണ്ടുവന്ന് ഈ സ്ഥാപനം പുനഃരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, തീർച്ചയായും ഈ കാര്യത്തിന് ഗവൺമെന്റ് പരിശ്രമിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോയി : സർ, 1999 മുതൽ 2001-വരെയുള്ള കാലഘട്ടത്തിൽ 65 കോടി രൂപ സഞ്ചിത നഷ്ടമുണ്ടാക്കിയ ഒരു കമ്പനിയാണ് ടെൽക്ക്. കഴിഞ്ഞ മൂന്നു വർഷം കൊണ്ട് 11 കോടി രൂപ ലാഭമുണ്ടാക്കി സഞ്ചിത നഷ്ടം കുറയ്ക്കാൻ കഴിഞ്ഞു. ഈ കമ്പനിയിൽ നിന്നും ധാരാളം തൊഴിലാളികൾ പിരിഞ്ഞു പോകുകയും വി.ആർ.എസ്. നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്ത സാഹചര്യത്തിൽ അവരുടെ വേതന വർദ്ധനവിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

കരാർ നടപ്പിലാക്കാൻ യൂണിയനുകളും ലേബർ ഡിപ്പാർട്ടുമെന്റും കരാറുണ്ടാക്കിയിട്ടുണ്ട്. അത് എത്രയും വേഗം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്രയോ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേയ്ക്ക് കൊണ്ടുവന്നു. ടെൽക്ക് വൻ നഷ്ടത്തിലായിരുന്നു. ഇപ്പോൾ 11 കോടി രൂപയുടെ ലാഭമുണ്ടാക്കിയിരിക്കുകയാണ്. ഇതിന്റെ ടെക്നോളജി ഇംപ്രൂവ്മെന്റിന് വേണ്ടി തൊഴിലാളികളുടെ സഹകരണത്തോടുകൂടി പ്രവർത്തിക്കുകയാണ്. അതിന് ഗവൺമെന്റിന്റെ ശ്രദ്ധ ഭാവിയിലുമുണ്ടാകും.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്തുള്ള, നല്ല രീതിയിൽ പ്രവർത്തിക്കുന്ന, വളരെയേറെ തൊഴിലാളികൾ പണിയെടുക്കുന്ന എൻ.റ്റി.സി. മില്ലുകൾ നിലനിർത്തുന്നതിനാവശ്യമായ ചില പ്രൊപ്പോസൽസ് കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകൾ ഗവൺമെന്റിന്റെ മുന്നിൽ വച്ചിട്ടുണ്ട്. അത് ചർച്ച ചെയ്ത് ആ മില്ലുകൾ നിലനിർത്താനുള്ള നടപടികൾ സ്വീകരിക്കുമോ? നമ്മുടെ സംസ്ഥാനത്തുള്ള എൻ.റ്റി.സി. മില്ലുകളുടെ കാര്യമാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, പ്രത്യേകം നോട്ടീസ് നൽകിയാൽ പരിശോധിച്ച് മറുപടി പറയാം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റീപ്രൊഡക്ടീവ് ആന്റ് ചൈൽഡ് ഹെൽത്ത് പ്രോജക്ടിന്റെ പഠന റിപ്പോർട്ട്

*3 [93] ശ്രീ. പി. എസ്. സുപാൽ:
,, കെ. പി. രാജേന്ദ്രൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീപ്രൊഡക്ടീവ് ആന്റ് ചൈൽഡ് ഹെൽത്ത് പ്രോജക്ടിന്റെ ഭാഗമായി നടത്തിയ പഠന റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly